12504

# അക്ഷര കേരളം

## സാക്ഷരതാ പാഠാവലി

## ഭാഗം 3

കേരള സാക്ഷരതാസമിതി

# AKSHARA KERALAM

INTEGRATED BASIC LITERACY PRIMER, Part III

PREPARED BY
THE KERALA SAKSHARATHA SAMITHI AND
THE STATE RESOURCE CENTRE.
APPROVED BY
THE NATIONAL LITERACY MISSION,
MINISTRY OF HUMAN RESOURCES DEVELOPMENT,
GOVERNMENT OF INDIA
FIRST EDITION OCTOBER 1990
PUBLISHED BY
THE SECRETARY, KERALA SAKSHARATHA SAMITHI
for THE KERALA TOTAL LITERACY PROGRAMME 1990-91
PUBLISHED WITH FINANCIAL SUPPORT FROM
THE UNITED NATIONS CHILDRENS FUND (UNICEF)

# അക്ഷര കേരളം

സാക്ഷരതാ പാഠാവലി

കേരള സാക്ഷരതാസമിതി

# ആമുഖക്കുറിപ്പ്

കേരളസാക്ഷരതാപദ്ധതിക്കുവേണ്ടി പ്രത്യേകമായി തയ്യാറാക്കിയ സംയോജിത സാക്ഷരതാ സഹായിയാണ് "അക്ഷര കേരളം". മൂന്നു ഭാഗങ്ങളാണ് ഇതിനുള്ളത്.

ദേശീയ സാക്ഷരതാമിഷൻ നിശ്ചയിച്ചിട്ടുള്ള നിലവാരമനുസരിച്ച് അക്ഷരജ്ഞാനവും അക്കജ്ഞാനവും പൊതുവിജ്ഞാനവും ഉണ്ടാക്കുന്നതിനുവേണ്ടി തയ്യാറാക്കിയിട്ടുള്ള ഒരു സംയോജിത പാഠാവലിയാണിത്.

കേന്ദ്ര വയോജന വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ പൊതുമാർഗരേഖകളനുസരിച്ചു കേരളാസ്റ്റേറ്റ് റിസോഴ്സ് സെന്റർ ആണ് ഇതിന്റെ ആദ്യരൂപം തയ്യാറാക്കിയത്. എറണാകുളം സമ്പൂർണ്ണ സാക്ഷരതാ പദ്ധതിക്കുവേണ്ടി തയ്യാറാക്കിയ "അക്ഷരം" എന്ന പാഠാവലിയുടെ ഉപയോഗത്തിൽ നിന്നുണ്ടായ അനുഭവങ്ങൾ ഉൾക്കൊള്ളിച്ചു "സംയോജിത സാക്ഷരതാസഹായി" പരിഷ്കരിച്ചു. ഈ പരിഷ്കരിച്ച രൂപം ദേശീയ സാക്ഷരതാമിഷന്റെ വിദഗ്ധൻമാർ പരിശോധിച്ച് അംഗീകരിക്കുകയുണ്ടായി.

ആരോഗ്യം, പരിസരം, നാം ജീവിക്കുന്ന ലോകം, വികസനം എന്നീ വിഷയങ്ങളെ ആധാരമാക്കി തയ്യാറാക്കിയിട്ടുള്ള അക്ഷരകേരളം മൂന്നാം ഭാഗം യൂണിസെഫിന്റെ ധനസഹായത്തോടുകൂടിയാണ് പ്രസിദ്ധീകരിക്കുന്നത്.

ജനങ്ങളെ സാക്ഷരരാക്കുന്നതിനുള്ള ഒരുപകരണം മാത്രമാണ് ഈ പാഠാവലിയെന്നു പ്രത്യേകം ഓർക്കേണ്ടതാണ്. പാഠപുസ്തകത്തിന്റെ തടവുകാരനാകാതെ ഓരോ പ്രവർത്തകനും കൈപ്പുസ്തകത്തിൽ പറയുന്ന കാര്യങ്ങളുടെ വെളിച്ചത്തിൽ സ്വതന്ത്രബുദ്ധിയോടുകൂടി പാഠങ്ങൾ കൈകാര്യം ചെയ്യുകയാണെങ്കിൽ നിശ്ചിതസമയത്തിനുള്ളിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള നിലവാരമനുസരിച്ചു കേരളത്തിലെ മുഴുവൻ നിരക്ഷരരെയും സാക്ഷരരാക്കുവാൻ കഴിയും.

തിരുവനന്തപുരം,

ഒക്ടോബർ 1990

കേരള സാക്ഷരതാ സമിതി.

പാഠം 1

# വൃത്തിയുള്ള വീട്



ആ വീടു കണ്ടോ? കുഞ്ഞിക്കുട്ടനും ഭാര്യ ലീലയും അവിടെ താമസിക്കുന്നു. ചെറിയ, വൃത്തിയുള്ള വീട്. അകത്തു നല്ല കാറ്റും വെളിച്ചവും. അടുക്കളയിൽ പുകശല്യം കുറഞ്ഞ അടുപ്പുണ്ട്. വീട്ടിൽ നിന്നു കുറച്ചകലെ കക്കൂസും ഉണ്ട്.

**ചർച്ച ചെയ്യുക:**
പലതരം വീടുകൾ, ചുരുങ്ങിയ ചെലവിൽ വീട്.

നോക്കി എഴുതുക:

വൃത്തിയുള്ള വീടു വേണം

ശരിയായ കാര്യങ്ങൾക്കുനേരെ ✓ അടയാളം ഇടുക.

വൃത്തിയുള്ള വീട്ടിൽ

1. ഈച്ചശല്യം ഉണ്ടാവില്ല ☐

2. കക്കൂസ് ഉണ്ടായിരിക്കണം ☐

3. മുറ്റത്തു ചപ്പും ചവറും കാണും ☐

4. കാറ്റും വെളിച്ചവും വേണം ☐

കണക്ക്:

മത്തായി 250 ഇഷ്ടിക വാങ്ങി. ഒരു ഇഷ്ടികയ്ക്ക് 2 രൂപയാണു വില. മത്തായി ആകെ കൊടുത്ത രൂപ എത്ര?

താഴെ കൊടുത്ത അക്ഷരങ്ങൾ ഉപയോഗിച്ചു നാലു വാക്കു വീതം എഴുതുക.

ത്ത ഞ്ച ദ

തത്ത

## പാഠം 2

# വീടും ചുറ്റുപാടും

വീടും ചുറ്റുപാടും വൃത്തിയായിരിക്കണം. ചപ്പുചവറുകൾ കമ്പോസ്റ്റ് കുഴിയിൽ ഇടണം. അഴുക്കു വെള്ളം കെട്ടി നിൽക്കാതെ നോക്കണം. കെട്ടി നിൽക്കുന്ന വെള്ളത്തിൽ കൊതുകു വളരും. അടുക്കളയ്ക്കു പിന്നിൽ ചീര നട്ടിട്ടുണ്ട്. അടുക്കളയിൽ നിന്നുള്ള വെള്ളം ചീരത്തടത്തിലേക്കാണു വിടുന്നത്. കുഞ്ഞിക്കുട്ടനും ലീലയും വസ്ത്രങ്ങൾ അന്നന്ന് അലക്കുന്നു. അവർ ശുചിത്വം പാലിക്കുന്നു. അതു കൊണ്ട് രോഗങ്ങൾ വരാറില്ല.

എഴുത്ത്.

ശുചിത്വം  വസ്ത്രം  അടുക്കള

______________________________

______________________________

ശുചിത്വം പാലിക്കണം  കമ്പോസ്റ്റ്

______________________________

______________________________

ശരി അടയാളപ്പെടുത്തുക ( ✓ അടയാളം ഇടുക)

വീടും പരിസരവും വൃത്തിയാക്കി വയ്ക്കാതിരുന്നാൽ

1. വായു ശുദ്ധമാകും ☐  2. ഈച്ച പെരുകും ☐

3. രോഗങ്ങളുണ്ടാകും ☐

ചർച്ച :

കമ്പോസ്റ്റുവളം ഉണ്ടാക്കുന്നതെങ്ങനെ?

കണക്ക് :

കുഞ്ഞിക്കുട്ടന്റെ വീടിനു ചുറ്റും വേലികെട്ടാൻ 12 പേർ ജോലി ചെയ്യണം. ഒരാൾക്കു 35 രൂപ വീതം കൂലി കൊടുക്കണം. വേലി കെട്ടിത്തീരുമ്പോൾ എത്ര രൂപ കൂലി കൊടുക്കണം?

## പാഠം 3

# കക്കൂസ്

വെളിസ്ഥലത്തു മലവിസർജനം നടത്തരുത്. ജലം മലിനമാകും, വിരബാധ ഉണ്ടാകും. കുഞ്ഞിക്കുട്ടന്റെ വീട്ടിൽ വൃത്തിയുള്ള കക്കൂസുണ്ട്. കക്കൂസ് ഉപയോഗിച്ച ശേഷം വെള്ളം ഒഴിച്ചു വൃത്തിയാക്കണം. കൈകാലുകൾ സോപ്പിട്ടു കഴുകണം. വീട്ടിൽ കക്കൂസ് അത്യാവശ്യം.

എഴുത്ത്:

വീട്ടിൽ കക്കൂസ് അത്യാവശ്യം

______________________________

______________________________

______________________________

ശരിയും തെറ്റും അടയാളപ്പെടുത്തുക ( ✓ ശരി x തെറ്റ്)

**കക്കൂസില്ലെങ്കിൽ**

1. ജലം മലിനമാകും ☐ 2. വിരബാധ ഉണ്ടാകും ☐
3. പരിസരം വൃത്തിയാകും ☐

**കക്കൂസ് ഉപയോഗിച്ചു കഴിഞ്ഞാൽ**

1. കൈകാലുകൾ സോപ്പിട്ടു കഴുകണം ☐
2. ആവശ്യത്തിനു വെള്ളം ഒഴിക്കണം ☐
3. കക്കൂസ് വൃത്തിയാക്കണം ☐

കണക്ക്:

കക്കൂസ് സ്ലാബ് വാർക്കാൻ കുഞ്ഞിക്കുട്ടനു ചെലവായ തുക എത്ര?

| | |
|---|---|
| ക്ലോസെറ്റ് | 40.00 |
| സിമന്റ് | 60.00 |
| കമ്പി, മെറ്റൽ | 30.00 |
| കൂലി | 25.00 |
| ആകെ | ☐ |

ഓരോ വീട്ടിലുമോരോ നല്ലൊരു
കക്കൂസാണിന്നാദ്യം വേണ്ടത്
കൊട്ടാരത്തിലെയർക്കണ്ടീഷൻ
പിന്നെ മതി മെല്ലെ മതി.

ചർച്ച: ചെലവു കുറഞ്ഞ കക്കൂസ്.

## പാഠം 4

# ഗർഭകാല ശുശ്രൂഷ



കുഞ്ഞിക്കുട്ടന്റെ ഭാര്യ ഗർഭിണിയാണ്. അവർ അടുത്തുള്ള ഡോക്ടറെ ചെന്നുകണ്ടു. "ഗർഭകാലത്തു ശരീരം പ്രത്യേകം ശ്രദ്ധിക്കണം," ഡോക്ടർ പറഞ്ഞു. "ഗർഭിണികൾ പോഷകാഹാരം കഴിക്കണം. വീട്ടുപണികൾ എല്ലാം ചെയ്യാം. പഴങ്ങളും ഇലക്കറികളും മത്സ്യവും കഴിക്കണം. ആരോഗ്യവതിയായ അമ്മയ്ക്കേ ആരോഗ്യമുള്ള കുഞ്ഞുണ്ടാവൂ."

എഴുത്ത്:

## ആരോഗ്യമുള്ള അമ്മയ്ക്ക് ആരോഗ്യമുള്ള കുഞ്ഞ്.

ശരി അടയാളപ്പെടുത്തുക ( ✓ അടയാളം ഇടുക)

### ഗർഭിണി ആരോഗ്യവതിയായിരിക്കാൻ

1. പോഷകാഹാരം കഴിക്കണം ☐ 2. മനസ്സമാധാനം വേണം ☐
3. വീട്ടുജോലികൾ ചെയ്യരുത് ☐

കണക്ക്:

നബീസ ടോണിക്കു വാങ്ങാൻ ചെലവാക്കിയത് 15 രൂപ. ഇനി ആമിന വീട്ടിലേക്കു വാങ്ങിയ ആഹാരസാധനങ്ങൾക്ക് എന്തു വിലയായി എന്നു കണക്കു കൂട്ടുക.

| | |
|---|---|
| 1. ഏത്തപ്പഴം 500 ഗ്രാം | 2.25 |
| 2. മുന്തിരി 250 ഗ്രാം | 3.00 |
| 3. കോഴിമുട്ട രണ്ട് എണ്ണം | 1.50 |
| 4. ചീര 500 ഗ്രാം | 1.50 |
| 5. കാരറ്റ് 250 ഗ്രാം | 1.00 |
| 6. പാവയ്ക്കാ 500 ഗ്രാം | 4.00 |
| 7. പാൽ ഒരു ഗ്ലാസ് | 1.25 |
| ആകെ | |

ചർച്ച:

ഗർഭിണിക്കു വേണ്ട ടോണിക്കും പോഷകാഹാര സാധനങ്ങളും:



## പാഠം 5

# കുഞ്ഞു ജനിച്ചു

ലീല പ്രസവിച്ചു. പെൺകുഞ്ഞാണ്. പെൺകുഞ്ഞിനെ പ്രസവിച്ചതിൽ ലീലയ്ക്കു ചെറിയൊരു വിഷമം. കുഞ്ഞിക്കുട്ടൻ പറഞ്ഞു: "കുഞ്ഞ് ആണായാലെന്താ, പെണ്ണായാലെന്താ? ആണും പെണ്ണും തുല്യരാണ്. നമുക്കിവളെ പഠിപ്പിച്ചു മിടുക്കിയാക്കണം".

എഴുത്ത്:

ലീല പെൺകുഞ്ഞിനെ പ്രസവിച്ചു.

ആണും പെണ്ണും തുല്യരാണ്.

ചർച്ച:

ഏറ്റവും അടുത്തുള്ള പ്രാഥമികാരോഗ്യ കേന്ദ്രം സന്ദർശിച്ച് അവിടത്തെ സൗകര്യങ്ങളെക്കുറിച്ചു ചർച്ച ചെയ്യുക.

കണക്ക്:

ഒന്നു മുതൽ ഇരുപതുവരെ എഴുതുക.

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | | | | | | |
| | | | | | | | | | |

വായന:

വീടും പരിസരവും വൃത്തിയാക്കണം.
ഗർഭകാലത്തു ശരീരം പ്രത്യേകം ശ്രദ്ധിക്കണം.
കുഞ്ഞുങ്ങളെ നന്നായി വളർത്തണം.
തുറസ്സായ സ്ഥലത്തു മലവിസർജനം നടത്തരുത്.
പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ചികിത്സയ്ക്കും
പ്രതിരോധ ചികിത്സയ്ക്കും സൗകര്യമുണ്ട്.

എഴുത്ത്:

കുഞ്ഞിക്കുട്ടന്റെ വീടു വൃത്തിയുള്ള വീട്

______________________________

വീടിനകത്തു കാറ്റും വെളിച്ചവും വേണം

______________________________

കക്കൂസുവൃത്തിയായി സൂക്ഷിക്കണം

______________________________

ആരോഗ്യമുള്ള അമ്മയ്ക്ക് ആരോഗ്യമുള്ള കുഞ്ഞ്

______________________________

പൂരിപ്പിക്കുക:

1. കുഞ്ഞിക്കുട്ടന്റെ വീട്ടിലെ അടുക്കളയിൽ.............................................. അടുപ്പാണ് (ഗ്യാസ്, മണ്ണെണ്ണ, പുകശല്യം കുറഞ്ഞ)

2. .............................................. പാലിക്കുന്നതു കൊണ്ട് കുഞ്ഞിക്കുട്ടന്റെ വീട്ടിൽ രോഗമില്ല (വാക്ക്, ശുചിത്വം, സമയം)

എഴുതുക:

**ഡോക്ടർ** **നഴ്സ്** **ഔഷധം** **പരിശോധന**

________________________________________

________________________________________

കണക്ക്:

**1. ഒരു തേങ്ങയ്ക്ക് 2 രൂപ 50 പൈസ. 8 തേങ്ങയുടെ വില എത്ര?** ____________

**2. 10 രൂപയ്ക്ക് 5 അയല. ഒരു അയലയുടെ വില?** ____________________

**3. 250 ഗ്രാം പഞ്ചസാരയ്ക്കും 50 ഗ്രാം ചായപ്പൊടിക്കും 100 ഗ്രാം പരിപ്പിനും കൂടി ആകെ ഇന്നത്തെ വില എത്ര?** ____________________

**4. കക്കൂസുണ്ടാക്കാൻ കുഞ്ഞിക്കുട്ടന് 500 രൂപ ബ്ളോക്കിൽ നിന്നും സഹായമായി കിട്ടി. കൂടാതെ 50 രൂപ കടം വാങ്ങി. ആകെ എത്ര രൂപ ചെലവായി?** ____________________

നമുക്കാവശ്യമുള്ള ചില സാധനങ്ങളുടെ പേര് ചുവടെ കൊടുക്കുന്നു. അവയുടെ ഇന്നത്തെ വില എന്തെന്ന് എഴുതുക:

| | | |
|---|---|---|
| **അരി** | **5 കിലോ** | ____________ |
| **വെളിച്ചെണ്ണ** | **അരലിറ്റർ** | ____________ |
| **നല്ലെണ്ണ** | **അരലിറ്റർ** | ____________ |
| **പാമോയിൽ** | **1 ലിറ്റർ** | ____________ |
| **പരിപ്പ്** | **1 കിലോ** | ____________ |
| **പയറ്** | **1 കിലോ** | ____________ |
| **മീൻ** | **1 കിലോ** | ____________ |
| **ഇറച്ചി** | **1 കിലോ** | ____________ |
| **കോഴിമുട്ട** | **5 എണ്ണം** | ____________ |
| **ഗോതമ്പ്** | **2 കിലോ** | ____________ |
| **പഞ്ചസാര** | **1 കിലോ** | ____________ |

പാഠം 6

# മുലപ്പാലോളം വരില്ല കുപ്പിപ്പാൽ



ലീല കുഞ്ഞിനെ മുലയൂട്ടുകയാണ്. മുലപ്പാലോളം വരില്ല കുപ്പിപ്പാൽ. കുട്ടികൾക്കു മുലപ്പാൽ തന്നെ നൽകണം. കുഞ്ഞിന്റെ വളർച്ചയ്ക്കാവശ്യമായ എല്ലാം അതിലുണ്ട്. മുലപ്പാൽ ഒരു സമ്പൂർണാഹാരമാണ്. അതിനു രോഗപ്രതിരോധശേഷിയുണ്ട്.

എഴുത്ത്:

മുലപ്പാൽ ഒരു സമ്പൂർണാഹാരം

തെറ്റുണ്ടെങ്കിൽ X അടയാളപ്പെടുത്തുക:

മുലപ്പാൽ കൊടുത്താൽ

1. കുഞ്ഞിനു വളർച്ചയ്ക്കാവശ്യമായതെല്ലാം കിട്ടും ☐
2. അമ്മയുടെ സൗന്ദര്യം നഷ്ടമാകും ☐
3. കുഞ്ഞിനു രോഗപ്രതിരോധശക്തി കിട്ടും ☐

ചർച്ച:

മുലപ്പാലോളം വരില്ല കുപ്പിപ്പാൽ.

കണക്ക്:

ഡേവിഡിന്റെ ഒരാഴ്ചത്തെ കൂലി 120 രൂപയാണ്. കുഞ്ഞിനു കുപ്പിപ്പാലിനുമാത്രം 38 രൂപ ചെലവാക്കി. ബാക്കി എത്ര രൂപ കാണും?

120 – 38 = ☐



# പാഠം 7

# പ്രതിരോധ ചികിത്സ

"അല്ലാ..... ഇന്നു ബുധനാഴ്ചയല്ലേ? ഇന്നല്ലേ ഡോക്ടർ ചെല്ലാൻ പറഞ്ഞത്? വെയിൽ കൂടുന്നതിനു മുമ്പ് നമുക്കു മോളെ കൊണ്ടു പോയി കുത്തിവെപ്പിക്കാം." കുഞ്ഞിക്കുട്ടനോട് ലീല പറഞ്ഞു. കുഞ്ഞിക്കുട്ടന് അപ്പോഴാണ് അക്കാര്യം ഓർമ്മ വന്നത്. അയാൾ മേശ തുറന്നു ഡോക്ടർ കൊടുത്ത നോട്ടീസും ശീട്ടും പരിശോധിച്ചു.

## നോട്ടീസ്

പ്രതിരോധ ചികിത്സ നൽകൂ
നിങ്ങളുടെ കുട്ടിയെ രോഗങ്ങളിൽ നിന്നു രക്ഷിക്കൂ.

### പ്രതിരോധ ചികിത്സാപട്ടിക

| | |
|---|---|
| **ഗർഭിണികൾക്ക്** | |
| ഗർഭധാരണശേഷം ആകുന്നതും വേഗം (16 ആഴ്ചകൾക്കു മുമ്പ്) | റ്റി.റ്റി. ഒന്നാമത്തെ കുത്തിവയ്പ് |
| ഒന്നാമത്തെ റ്റി.റ്റി. കുത്തിവെച്ച് ഒരു മാസം കഴിഞ്ഞ് | റ്റി.റ്റി.യുടെ രണ്ടാമത്തെ അഥവാ ബൂസ്റ്റർ കുത്തിവയ്പ് |
| **കുട്ടികൾക്ക്** | |
| ജനിച്ചാലുടൻ | ബി.സി.ജി. കുത്തിവയ്പ് |
| 1 ½ മാസം പ്രായമുള്ളപ്പോൾ | ഡി.പി.റ്റി. ഒന്നാമത്തെ കുത്തിവയ്പ്, ഒ.പി.വി. ഒന്നാമത്തെ ഡോസ് |
| 2 ½ മാസം പ്രായമുള്ളപ്പോൾ | ഡി.പി.റ്റി. രണ്ടാമത്തെ കുത്തിവയ്പ്, ഒ.പി.വി. രണ്ടാമത്തെ ഡോസ് |
| 3 ½ മാസം പ്രായമുള്ളപ്പോൾ | ഡി.പി.റ്റി. മൂന്നാമത്തെ കുത്തിവയ്പ്, ഒ.പി.വി. മൂന്നാമത്തെ ഡോസ് |
| 9 മാസം പ്രായമുള്ളപ്പോൾ | മീസിൽസ് ഒറ്റ കുത്തിവയ്പ് |
| 1 ½ മുതൽ 2 ½ വയസ്സുവരെ | ഡി.പി.റ്റി. ഒരു കുത്തിവയ്പ് (ബൂസ്റ്റർ), ഒ.പി.വി. ഒരു ഡോസ് (ബൂസ്റ്റർ) |

• റ്റി.റ്റി. ടെറ്റനസ്സിനെതിരായുള്ള കുത്തിവയ്പ്. • ബി.സി.ജി. ക്ഷയരോഗത്തിനെതിരെ. • ഡി.പി.റ്റി. തൊണ്ടമുള്ള്, വില്ലൻ ചുമ, ടെറ്റനസ് ഇവയ്ക്കെതിരെ. • ഒ.പി.വി. പോളിയോയ്ക്കുള്ള തുള്ളി മരുന്ന്.

വാക്സിനേഷൻ നല്കുന്നതിന് നിങ്ങൾ കാലതാമസം വരുത്തിയിട്ടുണ്ടെങ്കിലും ഇപ്പോൾ അവ നല്കുക. ഇക്കാര്യത്തിൽ നിങ്ങളുടെ ആരോഗ്യ പ്രവർത്തകന്റെ ഉപദേശം തേടുക.

രോഗചികിത്സയേക്കാൾ നല്ലത് രോഗപ്രതിരോധം.

പാഠം 8

# ഉപ്പിട്ട കഞ്ഞിവെള്ളം



ലളിതാമ്മയുടെ ഇളയ കുഞ്ഞിനു വയറിളക്കം. കൂടെക്കൂടെ ഛർദ്ദിയും. കുഞ്ഞ് ആകെ തളർന്നു. ലളിതാമ്മ നിലവിളി തുടങ്ങി. അതുകേട്ട് അയൽ പക്കത്തെ കുഞ്ഞിക്കുട്ടനും ലീലയും വന്നു. ലീല അടുക്കളയിൽ നിന്ന് ഒരു ഗ്ലാസു കഞ്ഞിവെള്ളം എടുത്തു. അതിൽ ഒരു നുള്ള് ഉപ്പിട്ട് ഇളക്കി. എന്നിട്ടു മൂന്നു നാലു കരണ്ടി കുഞ്ഞിനു കൊടുത്തു. ഇതാണ് പാനീയ ചികിത്സ. "കൂടെക്കൂടെ ഉപ്പിട്ട കഞ്ഞിവെള്ളം കൊടുക്കണം", കുഞ്ഞി ക്കുട്ടൻ ലളിതാമ്മയോടു പറഞ്ഞു. വൈകുന്നേരമായപ്പോൾ കുഞ്ഞിനു സുഖമായി. വയറിളക്കവും ഛർദ്ദിയും വന്നാൽ ശരീരത്തിൽ നിന്നും ധാരാളം വെള്ളം നഷ്ടപ്പെടും. ശരീരം ക്ഷീണിക്കും. ഉപ്പിട്ട കഞ്ഞിവെള്ളം കൊടുത്തിട്ടും സുഖമായില്ലെങ്കിൽ ഡോക്ടറെ കാണിക്കണം.

എഴുത്ത്

പാനീയ ചികിത്സ കൊണ്ടു കുഞ്ഞിനു സുഖമായി.

ചർച്ചയും പ്രവർത്തനവും:

പാനീയ ചികിത്സയ്ക്കുള്ള പാനീയം തയ്യാറാക്കി കാണിക്കുന്നു. പാനീയ ചികിത്സയ്ക്കു പറ്റിയ വിവിധതരം പാനീയങ്ങളെപ്പറ്റി ചർച്ച.

(തെറ്റ് അടയാളപ്പെടുത്തുക X അടയാളം ഇടുക)

വയറിളക്കവും ഛർദ്ദിയും വന്നാൽ

1. ശരീരം ക്ഷീണിക്കും ☐

2. ശരീരത്തിൽ നിന്നു ധാരാളം ജലം നഷ്ടമാവും ☐

കണക്ക്:

ഒരു കിലോഗ്രാം സാധാരണ കല്ലുപ്പും പാക്കറ്റിലുള്ള പൊടിയുപ്പും തമ്മിൽ വിലയിലുള്ള വ്യത്യാസം എത്ര എന്നു കണ്ടുപിടിക്കുക

കല്ലുപ്പ് ____________ പാക്കറ്റ് ഉപ്പ് ____________ വ്യത്യാസം ____________

"വയറിളക്കം വന്നുപെട്ട
കുട്ടികൾക്കെല്ലാം - നമ്മള്
വളരെവേഗം നൽകീടേണം
കരിക്കിൻ വെള്ളം.
ഉപ്പുചേർത്ത കഞ്ഞിവെള്ളം
കൊടുത്തീടേണം - ചുട്ട-
പപ്പടവും ഒരു കഷ്ണം
ചെറുനാരങ്ങേം......"

## പാഠം 9

# കുടിവെള്ളം



വേനൽക്കാലമായി. കിണർ വറ്റി. ഇപ്പോൾ ആമിനയുടെ വീട്ടിൽ നിന്നാണു ലീല വെള്ളം കൊണ്ടുവരുന്നത്. ആമിനയുടെ വീട്ടിലെ കിണറിനു ചുറ്റും മറയില്ല. മഴക്കാലമായാൽ വെള്ളം കിണറ്റിലേക്കൊഴുകും. കിണറ്റിലെ വെള്ളം മലിനമാകും. മലിനജലത്തിൽ രോഗാണുക്കളുണ്ട്. ഈ വെള്ളം കുടിച്ചിട്ടാവും സക്കീനയ്ക്കു വയറിളക്കം വന്നത്.

എഴുത്ത്:

തിളപ്പിച്ചാറ്റിയ വെള്ളം കുടിക്കുക.

# കിണറും പരിസരവും വൃത്തിയായി സൂക്ഷിക്കുക

വായന:

കിണറും കുളങ്ങളും സംരക്ഷിക്കണം.
കുടിവെള്ളം ശുദ്ധമായാൽ രോഗങ്ങൾ കുറയും.
വരൾച്ച വരാതിരിക്കാൻ കാടു സംരക്ഷിക്കൂ.

ചർച്ച:

1. വെള്ളത്തിലൂടെ പകരുന്ന രോഗങ്ങൾ
2. വെള്ളം ശുദ്ധമാക്കാനുള്ള മാർഗങ്ങൾ

കണക്ക്:

കിണറിന് ആൾമറ കെട്ടാൻ ചെലവായ രൂപ:

| | |
|---|---|
| കല്ല് | 400.00 |
| സിമന്റ് | 200.00 |
| പണിക്കൂലി | 250.00 |
| ആകെ | |



## പാഠം 10

# പോഷകാഹാരം



ആരോഗ്യത്തിന് എല്ലാ പോഷകങ്ങളും അടങ്ങിയ ആഹാരമാണു വേണ്ടത്. പോഷകാഹാരക്കുറവുകൊണ്ടു കുട്ടികൾ മരിക്കുന്നു; നിരവധിപേർ രോഗികളാകുന്നു. പോഷകാഹാരമെന്നാൽ വില കൂടിയ ആഹാരം എന്നർത്ഥമില്ല. പോഷകാംശം വേണ്ടത്രയുള്ള ഭക്ഷണസാധനങ്ങളാണു ചീര, തകര, മുരിങ്ങ, പാവൽ, വെണ്ട, പയർ എന്നിവ. കുഞ്ഞിക്കുട്ടന്റെ അടുക്കളത്തോട്ടത്തിൽ ഇതെല്ലാം കൃഷിചെയ്യുന്നു.

എഴുത്ത്:

ആരോഗ്യത്തിനു പോഷകാഹാരം കഴിക്കണം.

---

---

ശരിയും തെറ്റും അടയാളപ്പെടുത്തുക ( ✓ ശരി X തെറ്റ്)

പോഷകാഹാരക്കുറവുകൊണ്ട്

1. രോഗങ്ങളുണ്ടാകുന്നു ☐
2. കുട്ടികൾ മരിക്കുന്നു ☐
3. ശരീരവളർച്ച ഉണ്ടാകുന്നു ☐

ചർച്ച:

വീട്ടിൽ ഉണ്ടാക്കാവുന്നതും ഗുണം കൂടിയതുമായ ഭക്ഷണ സാധനങ്ങൾ എന്തെല്ലാം?

**1.** വായന:

കുടിവെള്ളം ശുദ്ധമായാൽ പല രോഗങ്ങളും വരില്ല. കുഞ്ഞിനു മുലപ്പാൽ കൊടുക്കണം. പോഷകാഹാരക്കുറവുകൊണ്ടു കുഞ്ഞുങ്ങൾ മരിക്കുന്നു. പ്രതിരോധ കുത്തിവയ്പുകൾ നിർബന്ധിതമാക്കണം പാനീയ ചികിത്സ ജീവൻ രക്ഷിക്കും.

**2.** എഴുത്ത്:

ആറിത്തണുത്ത ഭക്ഷണം കഴിക്കരുത്.

---

ഭക്ഷണസാധനങ്ങൾ അടച്ചു സൂക്ഷിക്കുക.

---

ഭക്ഷണത്തിനു മുമ്പ് കൈ കഴുകുക.

---

**3.** പൂരിപ്പിക്കുക:

കുട്ടികൾക്കു ..........................................നൽകാൻ അമ്മമാർ മടിക്കരുത് (കുപ്പിപ്പാൽ, മുലപ്പാൽ)

മുലപ്പാൽ ഒരു .............................................. (ആഹാരം, സമ്പൂർണാഹാരം)

വയറിളക്കവും ഛർദ്ദിയും വന്നാൽ ശരീരത്തിൽ നിന്നും ധാരാളം ........................ നഷ്ടപ്പെടും (ജലം, രക്തം)

**4.** കണക്ക്:

ഒരു ടിൻ പാൽപ്പൊടിക്ക് 42 രൂപ വിലയുണ്ട്. 5 ടിന്നിന്റെ വില എത്ര?

നിങ്ങളുടെ കുടുംബത്തിലെ ഒരു ദിവസത്തെ ചെലവുകൾ എഴുതി ക്കൂട്ടുക.

T7

# നാം എന്തു പഠിച്ചു?

1. വായന:

ടിക്കറ്റു വാങ്ങുക

ഞായർ ഒഴിവ്

സ്ത്രീകളുടെ സീറ്റ്

പുകവലി പാടില്ല

ഇന്നത്തെ പരിപാടി

പുറത്തേക്കുള്ള വഴി

ഊണ് തീർന്നു

ചില്ലറ തരണം

കുഞ്ഞിക്കുട്ടന്റെ വീട്ടിൽ കക്കൂസുണ്ട്. കുഞ്ഞിക്കുട്ടന്റെ വീടു വൃത്തിയുള്ളതാണ്. കുഞ്ഞിക്കുട്ടന്റെ കുടുംബം ചെറിയ കുടുംബം. കുഞ്ഞിക്കുട്ടന്റെ വീട്ടിൽ അടുക്കളത്തോട്ടം ഉണ്ട്. കുഞ്ഞിക്കുട്ടന്റെ വീട്ടിൽ കമ്പോസ്റ്റു കുഴി ഉണ്ട്.

2. എഴുത്ത്:

എ. എന്റെ വീട്ടിൽ .................................. ഉണ്ട്

ബി. ______________________________

സി. ______________________________

ഡി. ______________________________

3. നോക്കി എഴുതുക:

വീടു വലുതായാലും ചെറുതായാലും വൃത്തിവേണം.

______________________________________________

പരിസരശുചിത്വം ആരോഗ്യത്തിന് ആവശ്യം.

______________________________________________

മതമേതായാലും മനുഷ്യൻ നന്നായാൽ മതി.

______________________________________________

4. വാക്യം ഉണ്ടാക്കുക:

വെള്ളത്തിൽ / ദുഷിച്ച / ഉണ്ട് / രോഗാണുക്കൾ

______________________________________________

വ്യായാമം / ഗർഭിണികൾ / ചെയ്യണം

______________________________________________

5. ചേരുന്ന വിധം ചേർത്തെഴുതുക:

| | |
|---|---|
| 1 വീട് | ബി.സി.ജി. |
| 2 ചപ്പുചവറുകൾ | വൃത്തിയുള്ളതാവണം |
| 3 ക്ഷയരോഗം | തുറസ്സായ സ്ഥലത്തു മലവിസർജനം |
| 4 ഛർദ്ദ്യതിസാരം | കമ്പോസ്റ്റു കുഴി |
| 5 വിരബാധ | പാനീയ ചികിത്സ |

1 ______________________________

2 ______________________________

3 ______________________________

4 ______________________________

5 ______________________________

6. അക്ഷരങ്ങൾ ചേർത്തു വാക്കുകളാക്കുക:

എ. കാഷരംഹാപോ ______________

ബി. മനംസ്സധാമാന ______________

സി. കുടുംചെയറിബം ______________

7. ഉത്തരം എഴുതുക:

എ. വയറിളക്കവും ഛർദ്ദിയും വന്നാൽ ക്ഷീണം തോന്നുന്നത് എന്തു കൊണ്ട്?

______________________________

ബി. കക്കൂസുണ്ടായാലുള്ള രണ്ടു ഗുണങ്ങൾ എഴുതുക

(1) ______________________________

(2) ______________________________

സി. കുഞ്ഞിനു മുലപ്പാൽ കൊടുക്കുന്നതുകൊണ്ടുള്ള രണ്ടു ഗുണങ്ങൾ?

(1) ______________________________

(2) ______________________________

8. ശാന്തയ്ക്കും ആമിനയ്ക്കും ത്രേസ്യയ്ക്കും കൂടി 96 രൂപ കൂലി കിട്ടി. മൂന്നാൾക്കും സമമായി വീതിച്ചാൽ ഒരാൾക്ക് എത്ര രൂപ കിട്ടും? ______________

9. പുകശല്യം കുറഞ്ഞ ഒരടുപ്പു നിർമ്മിക്കാൻ 150 രൂപ ചെലവുണ്ട്. നാല് അടുപ്പിന് എത്ര രൂപ ചെലവു വരും? ______________

# പാഠം 11

# നമ്മുടെ കുഞ്ഞുങ്ങൾ



ഇന്നു ബാലവാടിയിൽ അമ്മമാരുടെ യോഗമുണ്ട്. ഡോക്ടർ വരും. ലീലയും ആമിനയും ബാലവാടിയിലേക്കു പോയി. "കുഞ്ഞുങ്ങളുടെ എണ്ണം കൂടിയാൽ അവരെ നന്നായി വളർത്താനാവുമോ? ഇല്ല. നമുക്കോരോരുത്തർക്കും എത്ര കുഞ്ഞുങ്ങൾ വേണം?" ഡോക്ടർ അമ്മമാരോട് ചോദിച്ചു. അവരെല്ലാം ചിരിക്കാൻ തുടങ്ങി. "എനിക്കൊരു കുട്ടിയേ ഉള്ളൂ. അതുമതി", ലീല പറഞ്ഞു. ആമിനയ്ക്ക് രണ്ടു കുട്ടികൾ വേണം. അഞ്ചു കുട്ടികളുള്ള അന്നാമ്മ കുട്ടികളുടെ എണ്ണം കൂടിയാലുള്ള വിഷമങ്ങളെക്കുറിച്ചു പറഞ്ഞു.

എഴുത്ത്:

ചെറിയ കുടുംബം പോരേ?

ചർച്ച:

എന്താണു ചെറിയ കുടുംബം? എന്താണു വലിയ കുടുംബം?

## പാഠം 12

# അമ്മയുടെ കത്ത്

കടപ്പാക്കട,
10-8-1990

പ്രിയപ്പെട്ട മോനേ,

മോൻ അയച്ച കത്തു കിട്ടി. മോനു സുഖം തന്നെ എന്നറിഞ്ഞു സന്തോഷിക്കുന്നു. അച്ഛനും അമ്മിണിക്കും അമ്മയ്ക്കും സുഖം തന്നെ. ഈ കത്ത് അമ്മ സ്വന്തമായി എഴുതിയതാണ്. കഴിഞ്ഞ മൂന്നു മാസമായി അമ്മ സാക്ഷരതാക്ലാസിൽ പോകുന്നു. ഇപ്പോൾ എഴുതാനും വായിക്കാനും പഠിച്ചു. ഇനി നിന്റെ കത്തു വായിക്കാം. നിനക്കു മറുപടിയും എഴുതാം. ശരീരം നല്ല പോലെ നോക്കണം. ആഹാരം ശരിക്കു കഴിക്കണം. വേറെ വിശേഷം ഒന്നുമില്ല. ഉടൻ മറുപടി അയക്കുമല്ലോ.

എന്ന്,
സ്വന്തം അമ്മ,




സമ്പൂർണ സാക്ഷരതാ പരിപാടിയിൽ പങ്കെടുക്കുന്ന ഒരാളെന്ന നിലയിൽ നിങ്ങളുടെ അനുഭവം വിവരിച്ചുകൊണ്ട് കേരള മുഖ്യമന്ത്രിക്ക് ഒരു കത്ത് എഴുതുക.

വിലാസം:

ബഹു: കേരള മുഖ്യമന്ത്രി,
സെക്രട്ടറിയേറ്റ്,
തിരുവനന്തപുരം.

പാഠം 13

# ഞാൻ ആരാണ്?





ഞാൻ ഗോപാലൻ. 35 വയസ്സായി. പൂവത്തൂർ എന്നാണ് വീട്ടുപേര്. വീട്ടിൽ ഞങ്ങൾ ഒൻപതുപേരുണ്ട്. കീഴുമുറി വാർഡിലാണ് വീട്. ഞങ്ങളുടെ വാർഡിൽ നൂറിലേറെ വീടുണ്ട്. കൊപ്പം പഞ്ചായത്തിലെ പത്തു വാർഡുകളിൽ ഒന്നാണ് കീഴുമുറി. പട്ടാമ്പി ബ്ളോക്കിലാണ് കൊപ്പം. പാലക്കാട് ജില്ലയിലാണ് പട്ടാമ്പി ബ്ളോക്ക്. കേരള സംസ്ഥാനത്തിലെ പതിനാലു ജില്ലകളിൽ ഒന്നാണ് പാലക്കാട്. ഇന്ത്യയിലെ ഇരുപത്തഞ്ചു സംസ്ഥാനങ്ങളിൽ ഒന്നാണു കേരളം. ഇത് എന്റെ കാര്യം. ഇനി നിങ്ങളുടെ കാര്യം പറയൂ.

പൂരിപ്പിക്കുക.

| | | |
|---|---|---|
| പേര് | : | |
| വയസ്സ് | : | |
| കുടുംബാംഗങ്ങളുടെ എണ്ണം | : | |
| വാർഡ് | : | |
| പഞ്ചായത്ത് | : | |
| ജില്ല | : | |
| സംസ്ഥാനം | : | |
| രാജ്യം | : | |

## സമയം

ഒരു രാത്രിയും ഒരു പകലും ചേർന്നതാണ് ഒരു ദിവസം

| | |
|---|---|
| ഒരു ദിവസം =24 മണിക്കൂർ | 1/2 മണിക്കൂർ = 30 മിനിട്ട് |
| 1 മണിക്കൂർ = 60 മിനിട്ട് | 1/4 മണിക്കൂർ = 15 മിനിട്ട് |
| 1 മിനിട്ട് = 60 സെക്കന്റ് | 3/4 മണിക്കൂർ = 45 മിനിട്ട് |

വാച്ചുനോക്കി സമയം പറയുക.









# പാഠം 14

# സൂര്യനും നമ്മളും

നാം ജീവിക്കുന്നതു ഭൂമിയിലാണ്. ഭൂമി ഉരുണ്ടതാണ്. ഭൂമിയുടെ മൂന്നിൽ രണ്ടു ഭാഗം കടലാണ്. കരയെ ഏഴു വൻകരകളായി തിരിച്ചിരിക്കുന്നു. അതിലൊന്നാണ് ഏഷ്യ. ഇന്ത്യ, ഏഷ്യയിലെ ഒരു രാജ്യമാണ്.

സൂര്യനെ ചുറ്റുന്ന ഒൻപതു ഗ്രഹങ്ങളുണ്ട്. അതിൽ ഒന്നാണു ഭൂമി. ഭൂമിയെ ചുറ്റുന്ന ഉപഗ്രഹമാണ് ചന്ദ്രൻ.
സൂര്യൻ നമുക്കു ചൂടും വെളിച്ചവും തരുന്നു.

എഴുത്ത്:

ഏഷ്യാവൻകര ഗ്രഹം ഉപഗ്രഹം

---

---

ചർച്ച: വൻകരകൾ ഏതൊക്കെ? ഭൂപടം കാണിച്ചു വിശദീകരിക്കുക.

ഉത്തരം പറയുക.

1. ഇന്ത്യയുടെ അയൽ രാജ്യങ്ങൾ ഏതെല്ലാം? പേർ പറയുക.
2. ഇന്ത്യയുടെ സമീപത്തുള്ള കടലുകൾ ഏവ?
3. ഹിമാലയ പർവ്വതം എവിടെയാണ്?
4. കേരളം ഇന്ത്യയുടെ ഏതു ഭാഗത്താണ്?

കണക്ക്: കറുപ്പു നിറം കൊടുത്തിരിക്കുന്ന ഭാഗം എത്ര?



$\frac{1}{2}$



$\frac{1}{4}$



$\frac{3}{4}$



$\frac{1}{3}$



$\frac{2}{3}$



$\frac{2}{8}$

## പാഠം 15

# നീളവും തൂക്കവും

കുഞ്ഞിക്കുട്ടനും ലീലയും അങ്ങാടിയിലേക്കു പുറപ്പെട്ടു. വീട്ടിൽ നിന്ന് ഒന്നര കിലോമീറ്റർ ദൂരമുണ്ട്. കുഞ്ഞിക്കുട്ടനു ഷർട്ടു തുന്നാൻ 2 മീറ്റർ തുണി വാങ്ങണം. ലീലയ്ക്കു ബ്ളൗസിന് 70 സെന്റീമീറ്റർ തുണി വേണം. തുണിക്കടയിൽ നിന്ന് അവർ റേഷൻ കടയിലേക്കു നടന്നു. 5 കിലോ അരിയും ഒരു കിലോ പഞ്ചസാരയും രണ്ടു ലിറ്റർ മണ്ണെണ്ണയും വാങ്ങി.

| നീളം | തൂക്കം | വ്യാപ്തം |
|---|---|---|
| 100 സെ.മീ. = 1 മീറ്റർ | 1000 ഗ്രാം = 1 കി.ഗ്രാം | 1000 മില്ലി.ലി. = 1 ലിറ്റർ |
| 1000 മീറ്റർ = 1 കി.മീ | 500 ഗ്രാം = 1/2 കി.ഗ്രാം | 500 മില്ലി.ലി. = 1/2 ലിറ്റർ |

**നീളം X വീതി = വിസ്തീർണ്ണം**

5 മീ.

4 മീ.



വിസ്തീർണ്ണം

4 മീ x 5 മീ = 20 ചതുരശ്ര മീറ്റർ

കണക്ക്:

ഒരു ഷർട്ടിനു 2 മീറ്റർ തുണി വേണം. മീറ്ററിനു 26 രൂപയാണു വില. എത്ര രൂപ വേണം?

നിങ്ങൾ പഠിക്കാൻ ഇരിക്കുന്ന സ്ഥലത്തിന്റെ വിസ്തീർണം അളന്നു കണ്ടുപിടിക്കുക.

ചർച്ച:

നീളം, തൂക്കം, വിസ്തീർണ്ണം, വ്യാപ്തം, എന്നീ അളവുകളെക്കുറിച്ച് ദൈനംദിന അനുഭവങ്ങളുമായി ബന്ധപ്പെടുത്തി ചർച്ച ചെയ്യുക.

1. വായന:

**സൂര്യൻ ഒരു നക്ഷത്രമാണ്. ഭൂമി ഒരു ഗ്രഹമാണ്. ചന്ദ്രൻ ഭൂമിയുടെ ഉപഗ്രഹമാണ്.**

2. എഴുത്ത്:

നിങ്ങളുടെ പഞ്ചായത്തിന്റെ പേര് : ____________________
ജില്ല : ____________________
സംസ്ഥാനം : ____________________
രാജ്യം : ____________________
വൻകര : ____________________

3. നോക്കി എഴുതുക:

ഏഷ്യ ആഫ്രിക്ക വടക്കേ അമേരിക്ക

____________________

തെക്കേ അമേരിക്ക യൂറോപ്പ്

____________________

അന്റാർട്ടിക്ക ആസ്ത്രേലിയ

____________________

4. പൂരിപ്പിക്കുക:

1. ഇന്ത്യയിൽ..........................സംസ്ഥാനങ്ങളുണ്ട്
2. കേരളത്തിൽ .......................... പഞ്ചായത്തുകളുണ്ട്
3. എന്റെ ജില്ലയിൽ .......................... പഞ്ചായത്തുകളുണ്ട്
4. എന്റെ പഞ്ചായത്തിൽ ..........................വാർഡുകളുണ്ട്
5. എന്റെ വീട്ടിൽ.......................... അംഗങ്ങളുണ്ട്

5. നിങ്ങളുടെ തപാലാപ്പീസിന്റെ പിൻ കോഡ് എഴുതുക:

Pin..........................

6. ഉത്തരം എഴുതുക:

1. ഒരു ലിറ്റർ മണ്ണെണ്ണയുടെ വില : ____________________
2. ഭൂമിയുടെ ഏറ്റവും അടുത്ത നക്ഷത്രം : ____________________
3. ഒരു ഇൻലൻഡിന്റെ വില : ____________________
4. ഇന്ത്യയുടെ തൊട്ടു പടിഞ്ഞാറുള്ള കടൽ : ____________________

ശരിമാത്രം അടയാളപ്പെടുത്തുക. ✓

ഇന്ത്യയുടെ അയൽ രാജ്യങ്ങൾ

1. പാകിസ്ഥാൻ ☐ 2. അമേരിക്ക ☐ 3. ശ്രീലങ്ക ☐ 4. ബംഗ്ലാദേശ് ☐

## പാഠം 16

# പ്രപഞ്ചം

ഭൂമിയുടെ ഏറ്റവും അടുത്ത നക്ഷത്രമാണു സൂര്യൻ. അടുത്ത് എന്നു പറഞ്ഞാൽ തൊട്ടടുത്തൊന്നുമല്ല. ഭൂമിയിൽ നിന്നു സൂര്യനിലേയ്ക്ക് 15 കോടി കിലോമീറ്റർ ദൂരമുണ്ട്. മറ്റു നക്ഷത്രങ്ങൾ ഇതിലും എത്രയോ അകലെയാണ്. കോടിക്കണക്കിനു നക്ഷത്രങ്ങളുള്ള ഒരു കുടുംബത്തിലെ അംഗമാണു സൂര്യൻ. ഈ നക്ഷത്രകുടുംബത്തിനെ ആകാശഗംഗ എന്നു പറയുന്നു. ഇത്തരം അനേക കോടി നക്ഷത്ര കുടുംബങ്ങളുണ്ട്. അവയിൽ ഓരോന്നിലും കോടിക്കണക്കിനു നക്ഷത്രങ്ങൾ. അവയിൽ പലതിനും ഗ്രഹങ്ങളും ഉപഗ്രഹങ്ങളും ഉണ്ട്. ഇവയെല്ലാം ചേർന്നതാണു പ്രപഞ്ചം. മനുഷ്യരായ നാം ഈ പ്രപഞ്ചത്തിന്റെ ചെറിയ ഒരു ഭാഗമാണ്.

എഴുത്ത്:

**നക്ഷത്രം ഗ്രഹം ഉപഗ്രഹം പ്രപഞ്ചം**

---

**15 കോടി കിലോമീറ്റർ 15,00,00,000 കി.മീ**

---

ചർച്ച:

ആകാശഗംഗ, ഗ്രഹങ്ങൾ, ഉപഗ്രഹങ്ങൾ.

പൂരിപ്പിക്കുക:

1.ഭൂമിയിൽ നിന്നു സൂര്യനിലേക്കു ..............................................ദൂരമുണ്ട്.
2.ചന്ദ്രൻ ഭൂമിയുടെ .............................................. ആണ്.
3. ഭൂമിയുടെ ഏറ്റവും അടുത്ത നക്ഷത്രമാണ്..............................................
4. സൂര്യൻ അംഗമായ നക്ഷത്രകുടുംബത്തിനെ..............................................എന്നു പറയും.

## പാഠം 17

# എല്ലാം മാറുന്നു



രാത്രിയും പകലും ഉണ്ടാകുന്നത് എങ്ങനെയാണ്?

ഭൂമിയുടെ കറക്കമാണ് അതിനു കാരണം. ഭൂമി എപ്പോഴും കറങ്ങിക്കൊണ്ടിരിക്കുന്നു. അതു സൂര്യനെ ചുറ്റിക്കൊണ്ടിരിക്കുന്നു. ഭൂമി മാത്രമല്ല, സൂര്യനും മറ്റു നക്ഷത്രങ്ങളും ചലിച്ചുകൊണ്ടിരിക്കുന്നു. ഭൂമി സൂര്യനെ ചുറ്റുന്നതുകൊണ്ടാണു തണുപ്പുകാലം, വേനൽക്കാലം, വർഷകാലം എന്നിവ ഉണ്ടാകുന്നത്. എന്തെല്ലാം മാറ്റങ്ങളാണു നമുക്കു ചുറ്റും കാണുന്നത്! കുട്ടികൾ വളർന്നു വലുതാകുന്നു. വിത്തു മുളച്ച് തൈയും മരവും ഉണ്ടാകുന്നു. സമൂഹം മാറുന്നു. ജീവിതരീതി മാറുന്നു.

ചർച്ച:

കഴിഞ്ഞ പത്തു കൊല്ലത്തിനിടയിൽ നമ്മുടെ ഗ്രാമത്തിലുണ്ടായ മാറ്റങ്ങളെക്കുറിച്ചു ചർച്ച ചെയ്യുക.

ഒന്നിച്ചു പാടുക:

ചലനം ചലനം പ്രപഞ്ചസത്യം
മാനവനിതു കേട്ടുണരട്ടെ
ഉണരട്ടെ, ഉണരട്ടെ
പ്രപഞ്ചമാകെ ഉണരട്ടെ......

## പാഠം 18

# വരവും ചെലവും

കുഞ്ഞിക്കുട്ടന് ഒരു ദിവസം 35 രൂപ കൂലി കിട്ടുന്നു. കുഞ്ഞിക്കുട്ടന്റെ ഒരു ദിവസത്തെ വരവു ചെലവു കണക്ക് താഴെ കൊടുക്കുന്നു.

| വരവ് | | ചെലവ് | |
|---|---|---|---|
| | രൂ: പൈ: | | രൂ: പൈ: |
| കൂലി | 35.00 | അരി ഒരു കിലോ | 5.40 |
| | | സോപ്പ് | 3.50 |
| | | മണ്ണെണ്ണ | 0.75 |
| | | ചായ | 1.50 |
| | | മത്സ്യം | 2.50 |
| | | മുളക്, മല്ലി, ഉപ്പ് മുതലായവ | 3.50 |
| | | പച്ചക്കറി | 2.00 |
| | | ബസ്സുകൂലി | 1.20 |
| | | ആകെ | 20.35 |

| | |
|---|---|
| വരവ് | 35.00 – |
| ചെലവ് | 20.35 |
| മിച്ചം | 14.65 |

നിങ്ങൾ ഓരോരുത്തരും ഒരു ദിവസത്തെ വരവുചെലവു കണക്ക് എഴുതുക.

# പാഠം 19

# മനുഷ്യൻ മഹാശക്തൻ

ഭൂമിയിൽ എന്തെല്ലാം തരം ജീവികളാണ്! വെള്ളത്തിലുള്ള ജീവികൾ, കരയിലുള്ള ജീവികൾ, വലുതും ചെറുതുമായ ജീവികൾ, പറക്കുന്ന ജീവികൾ, ഇഴയുന്ന ജീവികൾ മുതലായവ. ഇക്കൂട്ടത്തിൽ ഏറ്റവും ബുദ്ധിശക്തിയുള്ളതു മനുഷ്യനാണ്. മനുഷ്യൻ തന്റെ കഴിവുകൊണ്ട് പ്രകൃതിശക്തികളെ കീഴടക്കി. മറ്റു മൃഗങ്ങളെ മെരുക്കി. തീ ഉണ്ടാക്കി. ദൂരം താണ്ടി. കപ്പൽ ഓടിച്ചു, കടൽ കടന്നു. വിമാനം ഉണ്ടാക്കി, പറക്കാൻ തുടങ്ങി. റോക്കറ്റു നിർമ്മിച്ചു, ചന്ദ്രനിലിറങ്ങി. കാടുവെട്ടി, കൃഷി ഇറക്കി. മണ്ണിൽ നിന്ന് ഇരുമ്പും കൽക്കരിയും കുഴിച്ചെടുത്തു. യന്ത്രങ്ങളുണ്ടാക്കി. ഇതിന്റെ ഫലമായി വ്യവസായങ്ങൾ വളർന്നു. സമൂഹത്തിൽ മാറ്റങ്ങളുണ്ടായി.

എഴുത്ത്:

മനുഷ്യൻ മഹാശക്തൻ

______________________________________________

നിങ്ങൾക്കറിയാവുന്ന ഏഴു ജീവികളുടെ പേരെഴുതുക

1. കരയിലെ ജീവി ____________ 2. വെള്ളത്തിലുള്ള ജീവി ____________
3. വലിയ ജീവി ____________ 4. ചെറിയ ജീവി ____________
5. ഇഴയുന്ന ജീവി ____________ 6. പറക്കുന്ന ജീവി ____________
7. കരയിലും വെള്ളത്തിലും കഴിയുന്ന ജീവി ____________

ചർച്ച:

മനുഷ്യന്റെ മഹത്തായ നേട്ടങ്ങൾ എന്തൊക്കെ?

മനുഷ്യൻ ചന്ദ്രനിൽ കാലുകുത്തിയ ദിവസം ഏതാണ്? ____________

പാഠം 20

# അന്നും ഇന്നും



പണ്ടുകാലത്തെ മനുഷ്യർ ജീവിച്ചിരുന്നത് എങ്ങനെയാണ്? ഇന്നത്തെപ്പോലെ കൃഷിയും വ്യവസായവും അന്നുണ്ടായിരുന്നില്ല. അന്നുള്ളവർ കാട്ടിലും ഗുഹകളിലുമായിരുന്നു താമസം. കായ്കനി കളായിരുന്നു ആഹാരം. അവർ കല്ലുകൊണ്ടും എല്ലു കൊണ്ടും പണിയായുധങ്ങൾ ഉണ്ടാക്കി. ക്രമേണ ചുറ്റുപാടുകളെ മനസ്സിലാക്കി മനുഷ്യർ മുന്നേറി. വേട്ടയാടി മൃഗങ്ങളെ പിടിച്ചു. കൃഷിയാരംഭിച്ചു. പുഴക്കരയിൽ താമസമായി. വീടുകളുണ്ടാക്കി. പിന്നീടു പട്ടണവും ഉണ്ടായി. രാജാക്കൻമാരും ഭൂവുടമകളും ഉണ്ടായി.

വീണ്ടും കാലം മാറി. ഭരണം മാറി. ഇന്നു രാജാക്കൻമാരില്ല. ജനങ്ങൾ തെരഞ്ഞെടുക്കുന്നവരാണു ഭരണം നടത്തുന്നത്.

എഴുത്ത്:

കാലംമാറി ഭരണരീതി മാറി

ചർച്ച:

പണ്ടത്തെ മനുഷ്യരും ഇന്നത്തെ മനുഷ്യരും തമ്മിലുള്ള വ്യത്യാസങ്ങൾ എന്തെല്ലാം?

8969



1. വായന:

ഒരു ദിവസം = 24 മണിക്കൂർ

ഒരു മണിക്കൂർ = 60 മിനിട്ട്

ഒരു മിനിട്ട് = 60 സെക്കന്റ്

കാടീനാടിനു കേടല്ല
കാടീനാടിന്നീടാണ്
കാടുകൾ വെട്ടിനശിപ്പിക്കുന്നൊരു
കാടൻമാരുടെ കൈതട്ടു.

മനുഷ്യൻ പ്രകൃതിശക്തിയെ മെരുക്കിയെടുക്കുന്നു. പുതിയ പുതിയ കണ്ടുപിടിത്തങ്ങൾ നടത്തുന്നു. ഈ അറിവുപയോഗിച്ചു മുന്നോട്ടു കുതിക്കുന്നു.

2. എഴുത്ത്:

ആറു മരങ്ങളുടെ പേരെഴുതുക

| | | |
|---|---|---|
| 1. | 2. | 3. |
| 4. | 5. | 6. |

3. കേട്ടെഴുത്ത്:

| | | |
|---|---|---|
| 1. വ്യവസായം | 2. കൃഷി | 3. വിദ്യാഭ്യാസം |
| 4. ആരോഗ്യം | 5. വിനോദം | 6. വിശ്രമം |
| 7. ആഹാരം | 8. പാർപ്പിടം | 9. ഗതാഗതം |

4. പൂരിപ്പിക്കുക:

1. ഞാൻ രാവിലെ .................................... മണിക്ക് ഉറക്കമുണർന്നു.
2. ഇന്നു സാക്ഷരത്താക്ലാസു തുടങ്ങിയ സമയം ......................
3. $\frac{3}{4}$ മണിക്കൂർ = .................................... മിനിട്ട്

താഴെക്കൊടുത്ത അക്ഷരങ്ങൾ കൊണ്ട് ഓരോ വാക്കു വീതം ഉണ്ടാക്കുക :

വ്വ ധ ര്യ ക്യ

T8

# നാം എന്തു പഠിച്ചു

1. വായന:

നമ്മൾ എല്ലാം ഇന്ത്യാക്കാർ ആണ്. നാം ജനിച്ചനാടാണു ഭാരതം അഥവാ ഇന്ത്യ. ഇന്ത്യയുടെ വടക്കു ഹിമാലയമാണ്. തെക്ക് ഇന്ത്യാസമുദ്രവും പടിഞ്ഞാറ് അറബിക്കടലും കിഴക്കു ബംഗാൾ ഉൾക്കടലും. നമ്മുടെ അയൽ രാജ്യങ്ങളാണ് പാകിസ്ഥാൻ, ചൈന, നേപ്പാൾ, ബംഗ്ലാദേശ്, ബർമ, ശ്രീലങ്ക എന്നിവ.

2. എഴുത്ത്:

ഇന്ത്യയിലെ 5 സംസ്ഥാനങ്ങളുടെ പേരെഴുതുക.

1. ____________ 2. ____________

3. ____________ 4. ____________ 5. ____________

3. നിങ്ങളുടെ വീട്ടിലെ അംഗങ്ങളുടെ പേരെഴുതുക:

______________________________

______________________________

______________________________

______________________________

4. ശരിയും തെറ്റും അടയാളപ്പെടുത്തുക (ശരി ✓ തെറ്റ് X)

1. കാടു നശിച്ചു. മണ്ണൊലിപ്പു തുടങ്ങി ☐
2. മഴ പെയ്തു. കൃഷി ഉണങ്ങി. ☐
3. പോളിയോ വാക്സിൻ കൊടുത്തു. പിള്ളവാതം വന്നു. ☐
4. ഛർദ്ദ്യതിസാരം വന്നു. വെള്ളം കുടിക്കരുത്. ☐

5. കേട്ടെഴുത്ത്:

അതിസാരം, ക്ഷയം, കുഷ്ഠം, പിള്ളവാതം, വില്ലൻ ചുമ, അഞ്ചാം പനി, ടെറ്റനസ്, മലമ്പനി, ഛർദ്ദി, ചെങ്കണ്ണ്.

6. ഉത്തരം പറയുക:

1. രാവും പകലും ഉണ്ടാകുന്നതെങ്ങനെ?

2. പ്രതിരോധകുത്തിവയ്പുകൾ സൗജന്യമായി എവിടെ നിന്നു കിട്ടും?

3. കേരളത്തിൽ എത്ര നദികളുണ്ട്?

4. ഒരു കിലോഗ്രാം എത്ര ഗ്രാം?

5. ഒരു കിലോമീറ്റർ എത്ര മീറ്ററാണ്?

7. രാവിലെ 8 മണിക്കു ജോലിക്കു കയറിയ ഒരു ഫാക്ടറി തൊഴിലാളി വൈകിട്ട് 4 മണിക്കു ജോലി കഴിഞ്ഞു വരുന്നു. അയാൾ എത്ര മണിക്കൂർ ജോലി ചെയ്തു?

8. ഒരാൾ നാലു കാർഡും രണ്ട് ഇൻലൻഡും അഞ്ചു കവറും വാങ്ങി. ആകെ എന്തു കൊടുക്കണം?

9. ഒരു മീറ്റർ തുണിക്ക് 24 രൂപ വിലയാണ്. ഒന്നര മീറ്റർ തുണിയുടെ വില കാണുക.

10. ജേക്കബ് താമസിക്കുന്ന വീടിന് 125 രൂപയാണ് മാസവാടക. ഒരു വർഷം ജേക്കബ് എത്ര രൂപ വാടക കൊടുക്കണം?

11. രാവിലെ 7 മണി മുതൽ 12 മണിവരെയും 2 മണിമുതൽ 5 മണിവരെയും ഒരാൾ ജോലിചെയ്യുന്നു. അയാൾ ആകെ ഒരു ദിവസം എത്ര മണിക്കൂർ ജോലി ചെയ്യുന്നു?

12. 4.30 നു വാച്ചിലെ സൂചികളുടെ സ്ഥാനം എവിടെയെല്ലാം ?

പാഠം 21

# ബന്ധമില്ലാത്തൊന്നുമില്ല



എല്ലാം തമ്മിൽ ബന്ധപ്പെട്ടിരിക്കുന്നു. സൂര്യനെ ചുറ്റുന്ന ഭൂമിയും ഭൂമിയെ ചുറ്റുന്ന ചന്ദ്രനും തമ്മിൽ ബന്ധപ്പെട്ടിരിക്കുന്നു. സൂര്യനും ഭൂമിയിലെ ജീവജാലങ്ങളും തമ്മിലും ബന്ധമുണ്ട്. സൂര്യനെക്കൂടാതെ ഒരു ജീവിക്കും കഴിയാനാവില്ല. പുൽച്ചാടി പുല്ലു തിന്നുന്നു. തവള പുൽച്ചാടിയെ പിടിക്കുന്നു. പാമ്പു തവളയെ വിഴുങ്ങുന്നു. പരുന്ത് പാമ്പിനെ റാഞ്ചുന്നു. മണ്ണിലെ സൂക്ഷ്മ ജീവികൾ ചത്ത പരുന്തിനെ വളമാക്കുന്നു. എല്ലാം തമ്മിൽത്തമ്മിൽ ബന്ധമുണ്ട്. മണ്ണും ചെടിയും തമ്മിലും ചെടിയും പൂമ്പാറ്റയും തമ്മിലും സസ്യങ്ങളും മനുഷ്യരും തമ്മിലും ബന്ധമുണ്ട്. വായുവും വെള്ളവും മത്സ്യവും വെള്ളത്തിലെ സൂക്ഷ്മ ജീവികളും ബന്ധപ്പെട്ടിരിക്കുന്നു. ബന്ധമില്ലാത്തൊന്നുമില്ല.

ഉത്തരം എഴുതുക:

1. ഭൂമിക്ക് ഒരു വട്ടം സ്വയം കറങ്ങാൻ എത്ര സമയം വേണം?

2. ഭൂമിക്ക് ഒരു തവണ സൂര്യനെ ചുറ്റുവാൻ എത്ര ദിവസം വേണം?

ചർച്ച: പരസ്പരബന്ധങ്ങൾ

പാഠം 22

# മരങ്ങൾ നമ്മുടെ മിത്രങ്ങൾ



മരങ്ങൾ നമുക്കു തണൽ തരുന്നു. കായ്കളും പഴങ്ങളും നൽകുന്നു. ശ്വസിക്കുന്ന വായു ശുദ്ധമാക്കുന്നു. കാട്ടിൽ അനേകതരം സസ്യങ്ങളുണ്ട്. അവ ഇടകലർന്നു വളരുന്നു. മലഞ്ചരിവിലെ കാടു പുഴയിലെ ഉറവ നില നിർത്തുന്നു. മണ്ണൊലിപ്പു തടയുന്നു. കാടു വെട്ടി വെളുപ്പിച്ചാൽ ഉറവകൾ വറ്റും. തോടും പുഴകളും ഒഴുകാതാകും. മണ്ണൊലിപ്പു മൂലം പാടങ്ങളിലെ കൃഷി നശിക്കും. തോടുകളിലും പുഴകളിലും മണ്ണു വന്നടിയും. മഴക്കാലത്തു വെള്ളപ്പൊക്കമുണ്ടാകും.

ആലിൻ തയ്യിന്നൊരാൾ വെള്ള-
മലിവോടെയൊഴിക്കയാൽ
വളരുമ്പോളതേകുന്നു
വരുവോർക്കൊക്കെയും തണൽ.

എഴുതുക:

**കാടീനാടിനു കേടല്ല. കാടീനാടിന്നീടാണ്.**

**കാടു നശിച്ചാൽ നാടു നശിക്കും.**

ചർച്ച:

**വനനശീകരണം കൊണ്ടുള്ള ദോഷങ്ങൾ.**

തെറ്റ് (X) അടയാളപ്പെടുത്തുക.

**കാട്**

1. അനേകതരം സസ്യങ്ങളുടെ കൂട്ടമാണ് ☐
2. ഒരേ ജാതി മരങ്ങളുടെ കൂട്ടമാണ് ☐
3. കർഷകന്റെ മിത്രമാണ് ☐

**അരുതേ അരുതേ ചെയ്യരുതേ**
**ചെയ്യരുതാത്തതു ചെയ്യരുതേ**
**കാടുകൾ വെട്ടിവെളുപ്പിക്കരുതേ**
**മേടുകൾ വെട്ടിയിറക്കരുതേ.**

# പാഠം 23

# കേരളത്തിന്റെ സമ്പത്ത്



കേരളത്തിൽ ധാരാളം പ്രകൃതി വിഭവങ്ങളുണ്ട്. കാടും മലയും പുഴയും കായലും എല്ലാം നമ്മുടെ സമ്പത്താണ്. ഇവിടത്തെ മണ്ണു ഫലപുഷ്ടിയുള്ളതാണ്. പലതരം വിളകൾ കൃഷിചെയ്യാം. നീണ്ട കടൽത്തീരം മീൻ പിടിത്തത്തിനു പറ്റിയതാണ്. ഭൂമിയുടെ കിടപ്പനുസരിച്ചു കേരളത്തെ മൂന്നായി തിരിക്കാം: മലനാട്, ഇടനാട്, തീരപ്രദേശം. മലനാട്ടിൽ റബർ, മരച്ചീനി, നെല്ല്, കുരുമുളക് എന്നിവയാണ് പ്രധാന വിളകൾ. തീരപ്രദേശത്ത് അധികം തെങ്ങാണ്. 44 നദികൾ കേരളത്തിലുണ്ട്. ജലസേചനത്തിനും വിദ്യുച്ഛക്തി ഉത്പാദനത്തിനും ഇവ ഉപകരിക്കുന്നു. അദ്ധ്വാനിക്കാൻ കഴിവുള്ള മൂന്നു കോടിയോളം മനുഷ്യരും ഇവിടെ ഉണ്ട്.

എഴുതുക:

കേരളത്തെപ്പറ്റി അഞ്ചു വാക്യങ്ങൾ എഴുതുക.

1. ______________________________

2. ______________________________

3. ______________________________

4. ______________________________

5. ______________________________

ചർച്ച:

**കേരളത്തിന്റെ പ്രകൃതിസമ്പത്ത്**

**തൊഴിലില്ലായ്മ**

കണക്ക്:

**കേരളത്തിലൂടെ 44 നദികൾ ഒഴുകുന്നു. ഇവയിൽ 3 എണ്ണം പടിഞ്ഞാറു നിന്നും കിഴക്കോട്ടാണൊഴുകുന്നത്. എത്ര എണ്ണം കിഴക്കു നിന്നും പടിഞ്ഞാറോട്ടൊഴുകുന്നു?**



## പാഠം 24

# റേഷൻഷാപ്പ്

അത്യാവശ്യസാധനങ്ങൾ കുറഞ്ഞ വിലയ്ക്കു വിതരണം ചെയ്യുന്നതിനാണ് റേഷൻഷാപ്പ്. റേഷൻഷാപ്പിൽ നിന്നു സാധനം വാങ്ങുമ്പോൾ റേഷൻകാർഡ് കാണിക്കണം. റേഷൻ കാർഡിൽ എഴുതിയിരിക്കുന്നത് എന്തെല്ലാം എന്നു നോക്കാം.

റേഷൻ കാർഡ് നമ്പർ No:
(1966 ലെ കേരള റേഷനിങ്ങ് ഉത്തരവ് 7-ാം ഖണ്ഡം നോക്കുക)
കോഡു നമ്പർ ..........................................................
കുടുംബനാഥന്റെ പേര് ..........................................................
മേൽവിലാസം ..........................................................
പഞ്ചായത്തിന്റേയോ / കോർപ്പറേഷന്റേയോ /
മുനിസിപ്പാലിറ്റിയുടേയോ പേര് ..........................................................
വീട്ടുനമ്പർ .................................... വാർഡു നമ്പർ....................................
അംഗങ്ങളുടെ ആകെ എണ്ണം..........................................................
പ്രായപൂർത്തിയായവർ..........................................................
കുട്ടികൾ..........................................................
ഒരു ദിവസത്തേക്ക് അനുവദിച്ചിട്ടുള്ള യൂണിറ്റ്
അക്കത്തിൽ..........................................................
അക്ഷരത്തിൽ..........................................................
കുടുംബത്തിന്റെ പ്രതിമാസ വരുമാനം രൂ..........................................................
ആഫീസ് മുദ്ര.................................... താലൂക്ക് സപ്ലൈആഫീസറുടെ ഒപ്പ്
കൊടുത്ത തീയതി..........................................................

---

കുറിപ്പ്: ഈ കാർഡ് പണയപ്പെടുത്തുന്നതോ കൈമാറ്റം ചെയ്യുന്നതോ 1966 ലെ കേരള റേഷനിങ്ങ് ഉത്തരവു പ്രകാരം കുറ്റകരമാണ്.

---

നിങ്ങളുടെ റേഷൻ കാർഡു നോക്കി, മേലെകൊടുത്തിരിക്കുന്ന വിവരങ്ങൾ പൂരിപ്പിക്കുക.

നിങ്ങളുടെ റേഷൻ കാർഡിലുള്ള നിർദ്ദേശങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്. വായിച്ചു ചർച്ചചെയ്യുക.

### പ്രത്യേക ശ്രദ്ധയ്ക്ക്

---

1. റേഷൻ കാർഡ് പണയം വയ്ക്കുന്നതു ശിക്ഷാർഹമാണ്.
2. മരിച്ചുപോയവരുടേയും താമസം മാറിയവരുടേയും യൂണിറ്റ് യഥാസമയം (ഒരാഴ്ചക്കുള്ളിൽ) കുറവുവരുത്തുക.
3. റേഷൻ സാധനങ്ങൾ ശരിയായ അളവിലും തൂക്കത്തിലും കിട്ടുന്നുവെന്ന് ഉറപ്പുവരുത്തുക.
4. അതതു തീയതികളിൽ വാങ്ങുന്ന റേഷൻ സാധനങ്ങളുടെ തൂക്കം / അളവു മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ എന്നു പരിശോധിക്കുക.
5. വാങ്ങാത്ത തീയതികളിൽ / ആഴ്ചകളിൽ റേഷൻ സാധനങ്ങൾ വാങ്ങിയതായി രേഖപ്പെടുത്തിയിട്ടുണ്ടോ എന്ന് ശ്രദ്ധിക്കുക.
6. ബിൽ ചോദിച്ചു വാങ്ങുക.
7. ബില്ലിൽ രേഖപ്പെടുത്തിയ വില കടയിലെ ബോർഡിൽ എഴുതിവച്ചിരിക്കുന്നത് അനുസരിച്ചാണോ എന്ന് ഉറപ്പുവരുത്തുക.
8. അനുവദിച്ചിരിക്കുന്ന റേഷൻ സാധനങ്ങൾ ലാപ്സാകാതെ വാങ്ങുവാൻ ശ്രദ്ധിക്കുക.
9. റേഷൻ കാർഡ് കടയിൽ സൂക്ഷിക്കാതിരിക്കുക.
10. പരാതിയുണ്ടെങ്കിൽ റേഷൻ കടയിൽ സൂക്ഷിച്ചിട്ടുള്ള പരാതി പുസ്തകത്തിൽ രേഖപ്പെടുത്താൻ കാർഡുടമയ്ക്ക് അവകാശമുണ്ട്.

---

റേഷൻ കാർഡിൽ ഓരോ പേജും മറിച്ചുനോക്കി അതിൽ റേഷന്റെ അളവും മറ്റും രേഖപ്പെടുത്തുന്ന വിധം വ്യക്തമായി മനസ്സിലാക്കുക. നിങ്ങളുടെ തൊട്ടടുത്ത റേഷൻകടയുടെ പ്രവർത്തനം സംബന്ധിച്ചുള്ള അഭിപ്രായങ്ങൾ മന്ത്രിയെ എഴുതി അറിയിക്കുക.

വിലാസം: ബഹു: ഭക്ഷ്യ വകുപ്പു മന്ത്രി,
സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം.

പാഠം 25

# വീട്ടിലെ അടുപ്പ്



നമ്മുടെ നാട്ടിലെ മിക്ക വീടുകളിലും വിറകടുപ്പുകളാണ്. സാധാരണ വിറകടുപ്പിൽ പുകശല്യം കൂടുതലാണ്. അടുക്കളയിൽ പണി യെടുക്കുന്നവർ ഈ പുക ശ്വസിക്കുന്നു. ഇത് ആരോഗ്യത്തിനു ദോഷമാണ്. പുകയടുപ്പിൽ വയ്ക്കുന്ന പാത്രങ്ങൾ കരിപിടിക്കുന്നു. ഇപ്പോൾ പുക കുറഞ്ഞ അടുപ്പുകൾ കിട്ടാനുണ്ട്. ഇവ ഉപയോഗിച്ചാൽ പുകശല്യം കുറയും. വിറകു ലാഭിക്കുകയും ചെയ്യാം. ഇത്തരം അടുപ്പുകൾ വയ്ക്കുന്നതിനു സർക്കാർ സഹായവും ലഭിക്കും.

എഴുത്ത്:

അടുക്കളയിലെ പുക ആരോഗ്യത്തിനു ദോഷം.

പുക കുറഞ്ഞ അടുപ്പു സംബന്ധിച്ച് കൂടുതൽ വിവരങ്ങൾക്ക് ഒരു കത്തയക്കൂ. വിലാസം: ഡയറക്ടർ, അനെർട്ട്, തൈക്കാട്, തിരുവനന്തപുരം – 14

ചർച്ച:

പുക കുറഞ്ഞ അടുപ്പിന്റെ മെച്ചങ്ങൾ.

സാധാരണ അടുപ്പിൽ 100 ചിരട്ട കത്തിച്ചാൽ, 8 ചിരട്ടയുടെ ചൂടേ കിട്ടൂ. അതായത് 8 ശതമാനം ചൂട്. 92 ചിരട്ടയുടെ ചൂട് നഷ്ടം. പുക കുറഞ്ഞ അടുപ്പിൽ 100 ചിരട്ട കത്തിച്ചാൽ 40 ചിരട്ടയുടെ ചൂട് കിട്ടും. നഷ്ടം 60 ചിരട്ടയുടെ ചൂട്.

8464

100 ൽ 10 = പത്തുശതമാനം = 10%

100 ൽ 8 = എട്ടു ശതമാനം = 8%

100 രൂപയ്ക്ക് കൊല്ലത്തിൽ 10% പലിശകിട്ടും. ഒരു കൊല്ലംകഴിഞ്ഞുമുതലും പലിശയും കൂടി എത്ര രൂപ കിട്ടും?

നാട്ടിലെ പലിശനിരക്കിനെപ്പറ്റി ചർച്ച ചെയ്യുക.

1. വായന:

ദാമു ഒരു തൊഴിലാളി. പണിയുള്ള ദിവസം 30 രൂപ കൂലി കിട്ടും. എല്ലാ ദിവസവും പണി ഉണ്ടാകാറില്ല. ദാമുവിനേക്കാൾ കുറഞ്ഞ കൂലി കിട്ടുന്ന തൊഴിലാളികളും ഉണ്ട്. പലർക്കും കിട്ടുന്ന കൂലി അത്യാവശ്യ സാധനങ്ങൾ വാങ്ങാൻ പോലും തികയുന്നില്ല. വീട്ടിൽ എന്തെല്ലാം ചെലവുകളാണ്!

2. എഴുത്ത്:

1. കേരളത്തിലെ മൂന്നു നദികളുടെ പേരെഴുതുക

1.............................................. 2.............................................. 3..............................................

2. റേഷൻ ഷാപ്പിൽ നിന്നു കിട്ടുന്ന സാധനങ്ങളുടെ പേരെഴുതുക

3. കേട്ടെഴുത്ത്:

ബന്ധം,സൂര്യൻ, മണ്ണൊലിപ്പ്, കൃഷി സമ്പത്ത്, റേഷൻകാർഡ്, പുകശല്യം.

4. പൂരിപ്പിക്കുക:

കാടുനശിച്ചാൽ..........................നശിച്ചു.

എന്റെ കുടുംബത്തിന്റെ പ്രതിമാസവരുമാനം .......................... രൂപയാണ്.

5. തെറ്റും ശരിയും അടയാളപ്പെടുത്തുക.

പുക കുറഞ്ഞ അടുപ്പുപയോഗിച്ചാൽ

1. വിറകു കുറച്ചേ ചെലവാകുന്നുള്ളൂ ☐

2. പാത്രം മുഴുവൻ കരിപിടിക്കുന്നു ☐

3. ഭക്ഷണം വേഗം പാകമാകുന്നു ☐

6. താഴെ കൊടുത്ത അക്ഷരങ്ങൾ കൊണ്ട് ഓരോ വാക്കു വീതം ഉണ്ടാക്കുക.

ന്ധ ദ്ധ ന്ദ

7. എത്ര ശതമാനം എന്നെഴുതുക.

100 –ൽ 12 മാങ്ങ പഴുത്തു. പഴുത്തത്...................... %

100–ൽ 45 മാർക്കുകിട്ടി. കിട്ടിയത്...................... %

100–ൽ 60 പേർ എഴുതി. എഴുതിയത്....................%

8. കേരളത്തിലെ ഓരോ പ്രദേശത്തും ഉള്ള പ്രധാന കൃഷികൾ എന്തൊക്കെ?

9. നിങ്ങളുടെ റേഷൻ കടയുടെ നമ്പർ ഏതാണ്? ____________________

10. സൂര്യനെക്കൂടാതെ നമുക്കു ജീവിക്കാനാകുമോ?

## പാഠം 26

# കലണ്ടർ




തീയതി　　　　മാസം　　　　ആഴ്ച　　　　കൊല്ലം

ജോൺസൺ 1948 ആഗസ്റ്റ് 27 -ാം തീയതിയാണ് ജനിച്ചത്. എട്ടാമത്തെ മാസമാണ് ആഗസ്റ്റ്. ഒന്നാം മാസമാണ് ജനുവരി. 27.8.1948 ആണ് ജോൺസന്റെ ജനനത്തീയതി.

നിങ്ങളുടെ ജനനത്തീയതി ഏതാണ്?

5 വയസ്സ് പൂർത്തിയാകാതെ കുട്ടിയെ ഒന്നാം ക്ലാസ്സിൽ ചേർക്കില്ല.

18 വയസ്സ് പൂർത്തിയായ എല്ലാവർക്കും വോട്ടവകാശമുണ്ട്.

1947 ആഗസ്റ്റ് 15 നാണ് ഇന്ത്യ സ്വതന്ത്രയായത്.

1990 ഫെബ്രുവരി 4 ന് എറണാകുളം ജില്ല ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ സാക്ഷര ജില്ലയായി.

1991 കാനേഷുമാരി വർഷമാണ്.

ഇന്നത്തെ തീയതി എത്ര? ______________________

നിങ്ങൾ സാക്ഷരതാ ക്ലാസ്സിൽ ചേർന്ന തീയതി ഏതാണ്? ______________

വീട്ടിലെ എല്ലാവരുടെയും ജനനത്തീയതികൾ എഴുതുക.

---

ചർച്ച:

ജനനം, മരണം, വിവാഹം, എന്നിവ രജിസ്റ്റർ ചെയ്യുന്നതെന്തിന്?

ഒരു കലണ്ടറിൽ കാണുന്ന വിവിധ കാര്യങ്ങൾ ചർച്ച ചെയ്യുക

ഇന്ന് ഒരാൾക്ക് 20 വയസ്സു പൂർത്തിയായി. അയാളുടെ ജനനത്തീയതി ഏതാണ്? ______________________

പാഠം 27

# നമ്മുടെ സ്കൂൾ



നമ്മുടെ സംസ്ഥാനത്തു ധാരാളം സ്കൂളുകൾ ഉണ്ട്. ഒന്നോ രണ്ടോ സ്കൂളെങ്കിലും ഇല്ലാത്ത ഒരു പഞ്ചായത്തും ഇല്ല. പക്ഷെ, പല സ്കൂളുകളിലും വേണ്ടത്ര സൗകര്യങ്ങളില്ല. പലയിടത്തും വേണ്ടത്ര അദ്ധ്യാപകർ ഇല്ല. ഈ സ്ഥിതി മാറണം. എല്ലാ കുട്ടികൾക്കും നന്നായി പഠിക്കാനും കളിക്കാനും അവസരം ലഭിക്കണം. സ്കൂളുകൾ മെച്ചപ്പെടണമെങ്കിൽ നാട്ടുകാർ ഇടപെട്ടേ തീരൂ. എല്ലാ രക്ഷാകർത്താക്കളും അധ്യാപക - രക്ഷാകർതൃ സമിതിയുമായി സഹകരിക്കണം. നമ്മുടെ കുട്ടികൾ പഠിക്കുന്ന സ്കൂൾ നമ്മുടെ സ്കൂളാണ്.

എഴുതുക:

എല്ലാവർക്കും നല്ല വിദ്യാഭ്യാസം വേണം.

അദ്ധ്യാപക - രക്ഷാകർത്തൃ സമിതിയിൽ ചേരണം.

ചർച്ച:

നിങ്ങളുടെ തൊട്ടടുത്തുള്ള സ്കൂളിന്റെ പ്രവർത്തനത്തെക്കുറിച്ച് ചർച്ച ചെയ്യുക.



## ഫോറം പൂരിപ്പിക്കുക

## സ്കൂൾ പ്രവേശന ഫോറം

പ്രവേശനം ആഗ്രഹിക്കുന്ന സ്കൂളിന്റെ പേര്:

1. കുട്ടിയുടെ പേര് : ____________________
2. രക്ഷിതാവിന്റെ പേര് : ____________________
3. രക്ഷിതാവിന്റെ വിലാസം : ____________________
4. കുട്ടിയും രക്ഷിതാവും തമ്മിലുള്ള ബന്ധം : ____________________
5. കുട്ടിയുടെ ജനനത്തീയതി അക്കത്തിൽ : ____________________
6. ജൂൺ 1 ന് പൂർത്തിയാകുന്ന വയസ്സ് : ____________________
7. മാതൃഭാഷ : ____________________
8. പ്രവേശനം ആഗ്രഹിക്കുന്ന ക്ലാസ്സ് : ____________________
9. കുട്ടിയെ തിരിച്ചറിയാനുള്ള അടയാളം : ____________________
10. രക്ഷിതാവിന്റെ പേരും ഒപ്പും : ____________________

എന്റെ മകൻ / മകൾ .................................................................. എന്ന കുട്ടിയെപ്പറ്റി മുകളിൽ എഴുതിയ എല്ലാ കാര്യങ്ങളും സത്യമാണെന്ന് ഉറപ്പുതരുന്നു.

രക്ഷിതാവിന്റെ ഒപ്പ്

സ്ഥലം ____________

തീയതി ____________

പേരും മേൽവിലാസവും

____________________

____________________

____________________

## പാഠം 28

# ജനങ്ങളുടെ ഭരണം

പണ്ട് രാജാക്കൻമാരാണ് രാജ്യം ഭരിച്ചിരുന്നത്.
ഇന്ന് നമ്മുടെ നാട്ടിൽ രാജഭരണം നിലവിലില്ല.
ജനപ്രതിനിധികളാണ് ഭരണം നടത്തുന്നത്.
ഇതാണു ജനാധിപത്യം.

രാജ്യത്തിന്റെ ഭരണം നടത്താൻ പാർലമെന്റംഗങ്ങളെ തെരഞ്ഞെടുക്കുന്നു. സംസ്ഥാന ഭരണം നടത്താൻ നിയമസഭാംഗങ്ങളേയും.

അഞ്ചു വർഷത്തിലൊരിക്കൽ പാർലമെന്റിലേക്കും സംസ്ഥാന നിയമസഭയിലേക്കും തെരഞ്ഞെടുപ്പു നടക്കുന്നു. 18 വയസ്സ് പൂർത്തിയായ എല്ലാവർക്കും തെരഞ്ഞെടുപ്പിൽ വോട്ടു ചെയ്യാം. ഏറ്റവും നല്ല പ്രതിനിധികളെ തെരഞ്ഞെടുക്കുവാൻ ജനങ്ങൾക്കു കഴിയണം. എങ്കിലേ ജനാധിപത്യം വിജയിക്കൂ.

ചില രാജ്യങ്ങളിൽ ഇപ്പോഴും രാജഭരണമാണ്. പട്ടാളം ഭരിക്കുന്ന രാജ്യങ്ങളും ഉണ്ട്. ജനാധിപത്യമാണ് ഏറ്റവും മികച്ച ഭരണസമ്പ്രദായം. ജനാധിപത്യം വിജയിക്കണമെങ്കിൽ ജനങ്ങൾ അറിവുള്ളവരാകണം. രാജ്യത്തെ സംബന്ധിച്ചുള്ള എല്ലാ തീരുമാനങ്ങളും എടുക്കാൻ നമുക്കു കഴിയണം. അതിനാണ് നമ്മൾ എഴുത്തും വായനയും പഠിക്കുന്നത്.

എഴുത്ത്:

ജനാധിപത്യമാണ് ഏറ്റവും മികച്ച ഭരണക്രമം.

______________________________

______________________________

നല്ല പ്രതിനിധികളെ മാത്രം തെരഞ്ഞെടുക്കണം.

______________________________

______________________________

ചർച്ച :

> 'കാതു കേൾക്കാത്ത ഗവൺമെന്റും
> വാതുറക്കാത്ത ജനങ്ങളും ചേർന്നാൽ
> ജനാധിപത്യമാവില്ല.'

പൂരിപ്പിക്കുക

..........വയസ്സു പൂർത്തിയായ എല്ലാവർക്കും തെരഞ്ഞെടുപ്പിൽ വോട്ടുചെയ്യാം.

# പാഠം 29

# നല്ലൊരു നാളെ

ലോകത്ത് അനേകം പേർ പട്ടിണികൊണ്ടും തൊഴിലില്ലായ്മ കൊണ്ടും വലയുന്നു. പലർക്കും ഉടുക്കാൻ തുണിയോ പാർക്കാൻ വീടോ ഇല്ല. എല്ലാവർക്കും തൊഴിൽ നൽകാനും ദാരിദ്ര്യം മാറ്റാനും വേണ്ട അറിവും കഴിവും വാസ്തവത്തിൽ മനുഷ്യനുണ്ട്. പക്ഷേ ഈ അറിവും കഴിവും പലപ്പോഴും ഉപയോഗിക്കുന്നത് എല്ലാവർക്കും നൻമ വരുത്താനല്ല. പിന്നെയോ? പരസ്പരം കൊല്ലാനുള്ള ആയുധം നിർമിക്കാനാണ്.

ബോംബും പടക്കപ്പലും യുദ്ധവിമാനങ്ങളും ഉണ്ടാക്കാൻ എത്ര കോടി രൂപയാണ് പലരാജ്യങ്ങളും ഇന്ന് ചെലവാക്കുന്നത്! ആ പണമുണ്ടെങ്കിൽ പട്ടിണിയും തൊഴിലില്ലായ്മയുമൊക്കെ എന്നേ ഒഴിവാക്കാമായിരുന്നു.

ഇനിയൊരു മഹായുദ്ധമുണ്ടായാൽഈ ഭൂമിയിൽ ഒരൊറ്റ ജീവിയും ബാക്കി ഉണ്ടാവില്ല.

യുദ്ധമില്ലാത്ത ഒരു ലോകം, പട്ടിണിയും തൊഴിലില്ലായ്മയും ഇല്ലാത്ത ഒരു ലോകം! അതാണു നമുക്കു വേണ്ടത്. മനുഷ്യന്റെ എല്ലാ അറിവും കഴിവും മനുഷ്യപുരോഗതിക്കുവേണ്ടി ഉപയോഗിക്കുന്ന ഒരു ലോകം! അതാണു നമുക്കു വേണ്ടത്.

അതിനായി എങ്ങനെയെല്ലാം പ്രവർത്തിക്കാനാവുമെന്നു നാം അറിയണം. പട്ടിണിയ്ക്കും തൊഴിലില്ലായ്മയ്ക്കും യുദ്ധത്തിനും കാരണമെന്തെന്ന് അറിയണം. അതിനുവേണ്ടിയാണ് നാം എഴുത്തും വായനയും പഠിക്കുന്നത്.

എഴുത്ത്:

യുദ്ധം വേണ്ട സമാധാനം മതി.

വായന:

ജോണിക്ക് 20 സെന്റ് സ്ഥലമേ ഉള്ളൂ. ആ വഴി പോകുന്നവരെല്ലാം ജോണിയുടെ പുരയിടത്തിലേക്കു നോക്കി നിൽക്കും. തെങ്ങ്, വാഴ, കുരുമുളക്, ചേന, ചേമ്പ്, പലതരം പച്ചക്കറികൾ എല്ലാം തഴച്ചു വളർന്നു നിൽക്കുന്നു.

ജോണിയുടെ വളപ്പിലെ വാഴക്കുലകൾക്ക് എന്തൊരു വലുപ്പമാണെന്നോ! കഠിനാദ്ധ്വാനവും ശരിയായ ശ്രദ്ധയുമാണ് ജോണിയുടെ നേട്ടത്തിനു കാരണം.

എങ്ങനെ വളം ചെയ്യണം എന്നും മറ്റുമുള്ള വിവരങ്ങൾ പഞ്ചായത്തിലെ കൃഷി ഭവനിൽ നിന്നാണ് ജോണിക്കു ലഭിക്കുന്നത്.

പൂരിപ്പിക്കുക:

1. എന്റെ ജനനത്തീയതി........................................... ആണ്
2. ജനനം, മരണം, വിവാഹം എന്നിവ...........................................ചെയ്യണം
3. 1947 ആഗസ്റ്റ് 15ന് ഇന്ത്യ...........................................................
4. ..............................................സമ്പ്രദായമാണ് ഏറ്റവും മികച്ച ഭരണസമ്പ്രദായം

ശരിയോ തെറ്റോ എന്ന് അടയാളപ്പെടുത്തുക

1. സമാധാനം വേണ്ട. യുദ്ധം മതി. ☐
2. യുദ്ധം വേണ്ട. സമാധാനം മതി. ☐
3. യുദ്ധവും സമാധാനവും വേണ്ട. ☐
4. സമാധാനവും യുദ്ധവും മതി. ☐

കേട്ടെഴുത്ത് :

ഭരണം, സമാധാനം, യുദ്ധം, ജനാധിപത്യം, അധ്യാപകൻ, കാനേഷുമാരി, വിവാഹം, കലണ്ടർ.

ഉത്തരം പറയുക:

1. എത്ര വയസ്സു കഴിഞ്ഞാലാണ് കുട്ടിയെ ഒന്നാം ക്ലാസിൽ ചേർക്കുക?

2. പാർലമെന്റിലേക്കും നിയമസഭകളിലേക്കും സാധാരണ എത്ര വർഷം കൂടുമ്പോഴാണ് തെരഞ്ഞെടുപ്പു നടത്തുന്നത്?

3. ഇനിയൊരുമഹായുദ്ധമുണ്ടായാൽഎന്തൊക്കെ സംഭവിക്കാനിടയുണ്ട്?

കണ്ടുപിടിക്കുക:

1. ഒരു മാസത്തെ വരവ് 250 രൂപയാണ്. ചെലവ് 340 രൂപയും.വരവിനേക്കാൾ എത്ര രൂപ കൂടുതലാണ് ചെലവ്?

2. 1985 മാർച്ച് 10-ാം തീയതി ജനിച്ച ഒരു കുട്ടിക്ക് 1990 ജൂൺ 1 ന് എത്ര വയസ്സു പൂർത്തിയാകും?

പൂർത്തിയാകുന്ന

വർഷം..................................

മാസം..................................

ദിവസം..................................



16 MAR 2001

Printed at S.T. Reddiar & Sons (Ekm).

# അക്ഷര കേരളം

കേരള സാക്ഷരതാസമിതി

# അക്ഷര കേരളം

സാക്ഷരതാ പാഠാവലി

## ഭാഗം 3

കേരള സാക്ഷരതാസമിതി

12504